വിദേശജയിലുകളിൽ കഴിയുന്ന മലയാളികൾ

35 (1583) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ശിക്ഷാ കാലാവധി കഴിഞ്ഞിട്ടും വിദേശ ജയിലുകളിൽ കഴിയുന്ന കേരളത്തിൽ നിന്നുള്ള പ്രവാസികളെ തിരികെ കൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

ശിക്ഷാ കാലാവധി കഴിഞ്ഞ് വിവിധ കാരണങ്ങളാൽ ജയിലിൽ കഴിയുന്നതുൾപ്പെടെ വിദേശ ജയിലുകളിൽ തടവിൽ കഴിയുന്ന പ്രവാസി മലയാളികളുടെയോ അവരുടെ കുടുംബാംഗങ്ങളുടേയും പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അവ അതാത് എംബസ്സികളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും നിയമസഹായം നൽകാനുള്ള നടപടികൾ സ്വീകരിക്കുകയും, അവരെ മോചിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. കൂടാതെ 29-6-2010-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്.) 1/2010/ നോർക്ക പ്രകാരം ജയിൽ കേസുകൾ കൈകാര്യം ചെയ്യുന്നതിലേക്കായി ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. ബോധപൂർവ്വമല്ലാത്ത കുറ്റങ്ങളാൽ വിദേശത്ത് ജയിലിൽ കഴിയുന്ന മലയാളികളുടെ വിവരശേഖരണം, ഇവരുടെ മോചനത്തിനായി ആവശ്യമായ മേൽ നടപടി സ്വീകരിക്കൽ, ഇതിനാവശ്യമായ ധനസമാഹരണം എന്നിവയാണ് പ്രത്യേക സെല്ലിന്റെ ചുമതലകൾ. മലയാളികളുടെ ജയിൽ മോചനത്തിനായി ഈ പ്രത്യേക സെല്ലിന്റെ സേവനവും പ്രയോജനപ്പെടുത്തി വരുന്നുണ്ട്.

പ്രവാസിക്ഷേമ പദ്ധതിയുടെ മാനദണ്ഡങ്ങളും ആനുകൂല്യങ്ങളും

36 (1584) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസിക്ഷേമപദ്ധതിയിൽ എത്ര പ്രവാസികൾ അംഗങ്ങളായി ചേർന്നിട്ടുണ്ട് ;

(ബി) ഇതിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(സി) ഏതെല്ലാം ആനുകൂല്യങ്ങളാണ് പ്രവാസി ക്ഷേമ പദ്ധതിപ്രകാരം പ്രവാസികൾക്ക് ലഭ്യമാക്കുക ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രവാസി ക്ഷേമപദ്ധതിയിൽ 30-11-2010-വരെ 57,184 പേർ അംഗത്വത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതിൽ പരിശോധനയ്ക്കുശേഷം 19,252 പേരെ അംഗങ്ങളായി ഇതിനകം ചേർത്തിട്ടുണ്ട്. ബാക്കി അപേക്ഷകൾ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്.

LIBRARY ARCHIVES Kerala Legislative Assembly